## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2297 23.01.2014-ലെ മറുപടിയ്ക്ക്

## സഹകരണ ഓഡിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) 2013 കേരള സഹകരണ സംഘം നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് പൂർത്തീകരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) .സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് കാലാനുസൃതമാക്കുന്നതിനു വേണ്ടി 'ആഡിറ്റ് കുടിശ്ശിക നിവാരണ കർമ്മ പദ്ധതി' സംസ്ഥാന വ്യാപകമായി 1.4.2013 മുതൽ 31.12.2013 വരെ സംഘടിപ്പിച്ച് ആഡിറ്റ് കാലാനുസൃതമാകുന്നതിനുള്ള ഒരു തീവ്രയജ്ഞ പരിപാടി നടപ്പിലാക്കി. സഹകരണ വകുപ്പിൽ നിന്നും വിരമിച്ച 174 ഓഡിറ്റർമാരെ കുടിശ്ശിക നിവാരണത്തിനു മാത്രമായി നിയോഗിച്ചു. സഹകരണ വകുപ്പിലെ ആഡിറ്റർമാർക്കു പുറമേ, ജനറൽ വിഭാഗം സഹകരണ ഇൻസ്പെക്ടർമാരെയും, സെയിൽ ആഫീസർമാരെയും അധിക ജോലി നിർവ്വഹിക്കുന്നതിനും നിയോഗിച്ചു. |
| (ബി) പ്രസ്തുത നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിഭാഗം പുനഃസംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) പുനഃസംഘടിപ്പിച്ചിട്ടില്ല. |

(സി) സഹകരണ ഓഡിറ്റ് മാന്വൽ അവഗണിച്ച്, വേണ്ടത്ര പരിശോധന നടത്താതെ ഓഡിറ്റ് സമകാലികമാക്കുവാൻ വേണ്ടി ആഡിറ്റ് വിഭാഗത്തിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) സഹകരണ വകുപ്പിന് കീഴിൽ 2012-13 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കാത്ത എത്ര സംഘങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(ഡി) ഓഡിറ്റിനാവശ്യമായ രേഖകൾ തയ്യാറായിട്ടില്ലാത്തതിനാൽ 2605 സംഘങ്ങളുടെ ഓഡിറ്റ് പൂർത്തിയാക്കാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 877 |
| 2 | കൊല്ലം | 152 |
| 3 | പത്തനംതിട്ട | 4 |
| 4 | ആലപ്പുഴ | 151 |
| 5 | കോട്ടയം | 159 |
| 6 | ഇടുക്കി | 181 |
| 7 | എറണാകുളം | 193 |
| 8 | തൃശ്ശൂർ | 351 |
| 9 | പാലക്കാട് | 66 |
| 10 | മലപ്പുറം | 93 |
| 11 | കോഴിക്കോട് | 75 |
| 12 | വയനാട് | 142 |
| 13 | കണ്ണൂർ | 104 |
| 14 | കാസർഗോഡ് | 56 |
| 15 | അപെക്സ് (Consumerfed) | 1 |
| ആകെ | | 2605 |

സെക്ഷൻ ഓഫീസർ